DHS/9581/2023-EG4

272139/2023/CRU DHS

/61844/2023

**ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി. ഒ , തിരുവനന്തപുരം 695035,

ഫോൺ: 0471-2302490 ഫാക്സ് 0471-2303025/20303080

ഇ-മെയിൽ dhskerala@gmail.comവെബ്സൈറ്റ് www.dhs.kerala.gov.in

**ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ (പൊതു ജനാരോഗ്യം) നടപടിക്രമം**

വിഷയം : ആരോഗ്യ വകുപ്പ് - ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലെ 2023 - ലെ പൊതു സ്ഥലംമാറ്റം അന്തിമ പട്ടിക - ശ്രീ.ഹരിപ്രസാദ്, ശ്രീ.പ്രസാദ്.ജി. എന്നീ ജീവനക്കാരെ നിലനിർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : - 1. സ.ഉ.(പി) നമ്പർ.03/2017/ആ.കു.വ. തീയതി. 25.02.2017.

2. സ.ഉ.(ആർ.റ്റി) നമ്പർ.215/2023/ആ.കു.വ. തീയതി. 29.01.2023.

3. സ.ഉ.(സാധാ) നമ്പർ.475/2023/ആ.കു.വ. തീയതി. 28.02.2023.

4. ഇ.ജി.4/9581/2023/ആ.വ.ഡ. തീയതി.27.05.2023

5. ഇ.ജി.4/9581/2023/ആ.വ.ഡ. തീയതി.20.06.2023

**ഉത്തരവ് നം. ഇ.ജി.4/9581/2023/ആ.വ.ഡ തീയതി -07-07-2023**

മേൽ പരാമർശം സർക്കാർ ഉത്തരവ് (1) ന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പിൽ 2023-ലെ പൊതു സ്ഥലംമാറ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലെ അന്തിമ സ്ഥലംമാറ്റ പട്ടിക സൂചന (4) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു.

ടി ഉത്തരവിൽ ക്രമ നമ്പർ 101 ആയി ഉൾപ്പെടുത്തിയിരുന്ന ശ്രീ.ഹരിപ്രസാദ്.വി (316373) സാമൂഹികാരോഗ്യ കേന്ദ്രം, കുഴൽ മന്ദം, -നെ പാലക്കാട് ജില്ലയിൽ നിന്നും, ക്രമ നമ്പർ.108.ശ്രീ. പ്രദീപ്.ജി(236506), പ്രാഥമികാരോഗ്യ കേന്ദ്രം,മാണിക്കൽ-നെ തിരുവനന്തപുരം ജില്ലയിൽ നിന്നും മലപ്പുറം ജില്ലയിലേക്ക് സ്ഥലം മാറ്റിയിരുന്നു. എന്നാൽ ശ്രീ.ഹരിപ്രസാദ്.വി. 65% വൈകല്യമുള്ളയാളെന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കി, പാലക്കാട് ജില്ലയിൽ നിലവിലെ സ്ഥാപനത്തിൽ നിലനിർത്താൻ ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ശ്രീ.പ്രദീപ്.ജി. യുടെ ഭാര്യ റോഡപകടം സംഭവിച്ച് ഗുരുതരമായി പരിക്കു പറ്റി ചികിത്സയിലായതിനാൽ പരസഹായമില്ലാതെ സ്വന്തം കാര്യങ്ങൾ നിർവ്വഹിക്കാൻ സാധിക്കാത്തതിനാൽ തിരുവനന്തപുരം ജില്ലയിൽ നില നിർത്തണമെന്നാവശ്യപ്പെട്ട് ചികിത്സാ രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

മേൽ സാഹചര്യങ്ങൾ പരിഗണിച്ച് ശ്രീ.ഹരിപ്രസാദ്.വി.ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II -വിനെ പാലക്കാട് ജില്ലയിലെ നിലവിലെ സ്ഥാപനത്തിലും ശ്രീ.പ്രദീപ്.ജി.യെ തിരുവനന്തപുരം ജില്ലയിലും നിലനിർത്തി ഇതിനാൽ ഉത്തരവാകുന്നു.

Signed by
Dr.sakeena.k
Date: 07-07-2023 16:48:02

**അഡീഷണൽ ഡയറക്ടർ (പൊതു ജനാരോഗ്യം)**

സ്വീകർത്താവ് :-

ശ്രീ.ഹരിപ്രസാദ്.വി (316373) സാമൂഹികാരോഗ്യ കേന്ദ്രം, കുഴൽ മന്ദം
ശ്രീ.പ്രദീപ്.ജി (236506) പ്രാഥമികാരോഗ്യ കേന്ദ്രം,മാണിക്കൽ

272139/2023/CRU DHS

/61844/2023

പകർപ്പ് :-

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) തിരുവനന്തപുരം/പാലക്കാട്/മലപ്പുറം

കരുതൽ/അധികം